# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1395 03.12.2015 -ൽ മറുപടിക്ക്**

## കാലടി ശ്രീശങ്കരാചാര്യ സമാന്തരപാലം

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) കാലടി ശ്രീശങ്കരാചാര്യ സമാന്തര പാലത്തിന്റെയും ബൈപാസ് റോഡിന്റെയും അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) പാലത്തിന്റെ രണ്ട് വശത്തും സ്ഥലം വിട്ടുകിട്ടുകയാണെങ്കിൽ പാലം പണി ആരംഭിക്കാൻ സാധിക്കും. |
| (സി) തുക അനുവദിച്ചപ്പോൾ പരിഗണിക്കപ്പെട്ട അലൈൻമെന്റ് ഏതെന്നും നിലവിൽ പരിഗണനയിലുള്ള അലൈൻമെന്റ് ഏതെന്നും വിശദമാക്കാമോ? | (സി) തുക അനുവദിയ്ക്കപ്പെട്ടപ്പോൾ അലൈൻമെന്റ് നിലവിലുള്ള പാലത്തിനോട് ചേർന്ന് സമാന്തര പാലം നിർമ്മിച്ച് നിലവിലുള്ള അപ്രോച്ച് റോഡിൽ ബന്ധിപ്പിക്കുന്ന വിധത്തിലായിരുന്നു. ഇപ്പോൾ പരിഗണനയിലുള്ള അലൈൻമെന്റ് പ്രകാരം |

ബൈപ്പാസ് റോഡ് പെരുമ്പാവൂർ ഭാഗത്ത് നിലവിലുള്ള കടവ് റോഡിന് സമീപത്തു നിന്ന് ആരംഭിച്ച് കാലടി ഭാഗത്ത് നിലവിലുള്ള പാലത്തിൽ നിന്നും ഏകദേശം 300 മീറ്റർ പടിഞ്ഞാറു ഭാഗത്തു മാറി പാലം നിർമ്മിച്ച് ബൈപ്പാസ് റോഡ് മറ്റൂർ ജംഗ്ഷനു സമീപം എയർപോർട്ട് റോഡിൽ സന്ധിക്കത്തക്ക വിധത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ